**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2822** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,**<br>**ശ്രീ ഐ ബി സതീഷ്,**<br>**ശ്രീ. പി.വി.അൻവർ,**<br>**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖല മികവുറ്റതാക്കുന്നതിന്റെ ഭാഗമായി വിവിധ വൈജ്ഞാനിക മേഖലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങളായി ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ നിയമങ്ങൾ കാലോചിതമായി മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഉന്നത വിദ്യാഭ്യാസ മേഖല പരിഷ്കരിക്ക ന്നതിന്റെ ഭാഗമായി ആവശ്യമായ ഘട്ടങ്ങളിൽ നിയമങ്ങളിൽ കാലോചിതമായി മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | കരിക്കുലം, പരീക്ഷ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയിൽ എന്തെല്ലാം തരത്തിലുള്ള മാറ്റങ്ങളാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനാവശ്യമായ താഴെ പ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്. i. നൂതന കോഴ്സുകൾ സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലും ഉള്ളതാക്കുക ii. ഓഫ്.ലൈൻ-ഓൺലൈൻ സംയോജിത മാതൃക നടപ്പാക്കുക iii. വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം പൂർത്തിയാക്കാൻ കഴിയുന്ന അക്കാഡമിക് മൊബിലിറ്റിയുള്ള കോഴ്സുകൾ നടപ്പാക്കുക iv. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന കോഴ്സുകൾക്ക് പ്രാധാന്യം നൽകുക v. ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കാൻ കഴിയുന്ന കോഴ്സുകൾ നടപ്പാക്കുക vi. വ്യവസായ രംഗത്ത് നിന്നുള്ള adjunct faculty യെ കോഴ്സുകളിൽ ഉപയോഗിക്കുക I. എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന് ചുവട് |

| | | | |
|---|---|---|---|
| | | | പിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുന:സംഘടിപ്പിച്ചു. II. ഡോ. ജെമ്മീസ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം ബിരുദ ബിരുദാനന്തര വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവു മായ രീതിയിൽ പുന:സംഘടിപ്പിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിൻറെ നേതൃത്വത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതി വിശദമായി റിപ്പോർട്ട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്. III. സർവ്വകലാശാലകളിലെ പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ.ജെ. റാവു അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടും സർക്കാർ പരിശോധിച്ച് വരുന്നു. കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിൽ New Generation Inter Disciplinary സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ 2020-21 അക്കാദമിക് വർഷം ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമൂല പരിവർത്തനം ലക്ഷ്യ മാക്കിക്കൊണ്ട് ഒരു ഉന്നത വിദ്യാഭ്യാസ പരിഷ്കരണകമ്മീഷനെ നിയോഗിക്കാനും, ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കാനും പരീക്ഷാ രീതി പരിഷ്കരിക്കുന്നതിനും വ്യത്യസ്ത കമ്മിറ്റികളെ നിയോഗിക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ